# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

**ജൂൺ 30**

**JUNE 30**

**2018**

***1193 മിഥുനം 16 ശനി***

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657


**ഡിടിപിസി സത്രം സൗന്ദര്യവൽക്കരണത്തിന് തുടക്കമായി**
**ജില്ലയിൽ ടൂറിസം രംഗത്ത് അനന്തസാധ്യത: മന്ത്രി മാത്യു ടി തോമസ്**

ടൂറിസം രംഗത്ത് അനന്ത സാധ്യതയുള്ള ജില്ലയാണ് പത്തനംതിട്ടയെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. ഡിടിപിസിയുടെ തിരുവല്ലയിലെ സത്രത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ നിർമാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയുടെ ടൂറിസം സാധ്യതയെ സ്പിരിച്വൽ എന്നു മാത്രം കണ്ടാൽ മതിയാകില്ല. തീർഥാടന ടൂറിസത്തിനപ്പുറം പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാൻ പര്യാപ്തമായ സംവിധാനങ്ങളും ചരിത്രവും ജില്ലയിലുണ്ട്. ഇത് ലോകത്തിനു മുൻപാകെ എത്തിക്കാൻ നമുക്ക് കഴിയണം.

സത്രം സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി ചുറ്റുമതിൽ ബലപ്പെടുത്തുകയും രുഗ്മിണി സ്വയംവരം കഥകളി രൂപങ്ങൾ നിർമിച്ച് മനോഹരമാക്കുകയും ചെയ്യും. സത്രത്തിന്റെ അങ്കണം പൂട്ടുകട്ടകൾ പാകുകയും മരങ്ങൾക്കു ചുറ്റം പുല്ലു വച്ചു പിടിപ്പിച്ച് ഗാർഡനിംഗ് നടത്തുകയും ചെയ്യും. തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിന് മുൻഭാഗത്തായതിനാൽ സത്രത്തിന്റെ മതിലിൽ കഥകളി രൂപങ്ങൾ നിർമിക്കുന്നതിന് സവിശേഷ പ്രാധാന്യമുണ്ട്. കഥകളിയുടെ ഈറ്റില്ലമാണ് തിരുവല്ല മതിൽഭാഗമെന്നതാണ് കാരണം. സാംസ്കാരിക പൈതൃകം പ്രതിഫലിപ്പിക്കുന്ന സൗന്ദര്യവത്കരണമാണ് സത്രത്തിൽ നടത്തുക.

പാഴായി കിടന്ന് ദുർഗന്ധം വമിച്ചിരുന്ന പ്രദേശം വികസിപ്പിച്ചാണ് ഡിടിപിസി സത്രം നിർമിച്ചത്. ഇന്ന് ശബരിമല തീർഥാടകർക്കും, ശ്രീവല്ലഭ ക്ഷേത്രത്തിൽ എത്തുന്നവർക്കും സഹായകമാണ് ഡിടിപിസി സത്രം. ചെലവു കുറഞ്ഞ കെട്ടിട നിർമാണ പരിശീലനം പട്ടികജാ

തി–വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭ്യമാക്കിയതിലൂടെയാണ് ഡിടിപിസി സത്രത്തിന്റെ കെട്ടിടങ്ങൾ നിർമിച്ചതെന്നും മന്ത്രി പറഞ്ഞു.

അടുത്തഘട്ടമായി കൂടുതൽ ആധുനിക സൗകര്യങ്ങൾ ഡിടിപിസി സത്രത്തിൽ കൊണ്ടുവരുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. തിരുവല്ല നഗരസഭ ചെയർമാൻ കെ.വി. വർഗീസ്, നഗരസഭ കൗൺസിലർമാരായ എം.പി. ഗോപാലകൃഷ്ണൻ, വി.ജിജീഷ് കുമാർ, ഡിടിപിസി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ. മനോജ് ചരളേൽ, ഗവേണിംഗ് ബോഡി അംഗം അഡ്വ. ജെനു മാത്യു, ഡിടിപിസി സെക്രട്ടറി എ. ഷംസുദീൻ, സത്രം കെയർടേക്കർ ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

(പിഎൻപി 1724/18)

## ഏജൻസിക്ക് അപേക്ഷിക്കാം

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന സഹകരണ ഫെഡറേഷന്റെ ആയൂർധാരയിലെ ആയൂർവേദ ഉത്പന്നങ്ങൾ, ട്രൈഫെഡിന്റെ ഉത്പന്നങ്ങൾ, അംഗസംഘങ്ങളുടെ കരകൗശല ഉത്പന്നങ്ങൾ, വനവിഭവങ്ങൾ തുടങ്ങിയവ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വിൽക്കുന്നതിന് ഏജൻസിക്ക് അപേക്ഷിക്കാം. ഫോൺ: 0487 2354851, 04712433850.

(പിഎൻപി 1725/18)

## ട്യൂഷൻ ടീച്ചർ ഒഴിവ്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ റാന്നിയിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള പ്രീ–മെട്രിക് ഹോസ്റ്റലിൽ 2018–19 വർഷം യുപി ക്ലാസ് വിദ്യാർഥികളെ എല്ലാ വിഷയവും പഠിപ്പിക്കുന്നതിന് ടിടിസി/ബിഎഡ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 3000 രൂപ ലഭിക്കും. എസ്.സി വിഭാഗത്തിലുള്ളവർക്ക് മുൻഗണനയുണ്ട്. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതമുള്ള അപേക്ഷ ഈ മാസം അഞ്ചിനകം റാന്നി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭിക്കണം. ഫോൺ: 8547630043.

(പിഎൻപി 1726/18)

## സ്കോൾ–കേരള ഡിസിഎ കോഴ്സ് പ്രവേശനം ആരംഭിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ–കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡിസിഎ കോഴ്സ് നാലാം ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സ്കോൾ–കേരളയുടെ വെബ്സൈറ്റ് വഴി ജൂലൈ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. എസ്എസ്എൽസി/ തത്തുല്യ യോഗ്യതയുണ്ടായിരിക്കണം. പ്രായപരിധിയില്ല. റഗുലർ ഹയർ സെക്കൻഡറി പഠനത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന വിധത്തിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. കോഴ്സ് ഫീസ് 4800 രൂപ രണ്ട് ഗഡുക്കളായി അടയ്ക്കാം. കൂടുതൽ വിവരം www.scolekerala.org എന്ന വെബ്സൈറ്റിൽ ലഭിക്കും. മുൻ ബാച്ചുകളിൽ പഠനം പൂർത്തിയാക്കി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്തവർക്ക് പുനപ്രവേശനത്തിനും അപേക്ഷിക്കാം. ഫോൺ: 0471 2348581.

(പിഎൻപി 1727/18)

## ഡ്രൈവർ ഒഴിവ്

സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിലുള്ള 75 ഹെവി ഡ്രൈവർമാരുടെ ഒഴിവിലേക്ക് റാന്നി ടൗൺ എംപ്ലോയ്മെന്റ് ആഫീസിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാം. ഒമ്പതാം ക്ലാസ് പാസായവരും ഡ്രൈവിംഗ് ലൈസൻസ് എടുത്ത് ഏഴ് വർഷവും ഹെവി ലൈസൻസ് എടുത്ത് മൂന്ന് വർഷവും പൂർത്തിയായവരായിരിക്കണം അപേക്ഷകർ. ഉയരം 158 സെന്റീമീറ്ററും നെഞ്ചളവ് 76 സെന്റീമീറ്ററും ഉണ്ടായിരിക്കണം.

താത്പര്യമുള്ളവർ ഈ മാസം നാലിന് രാവിലെ 11ന് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡും പുതുക്കിയ ഡ്രൈവിംഗ് ലൈസൻസും കാഴ്ചശക്തി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം റാന്നി ടൗൺ എംപ്ലോയ്മെന്റ് ഓഫീസിൽ നേരിട്ട് ഹാജരാകണം.

(പിഎൻപി 1728/18)

## കുളമ്പുരോഗത്തിനെതിരെ ജാഗ്രത പാലിക്കണം

ജില്ലയിൽ തിരുവല്ല മുനിസിപ്പാലിറ്റി, കടപ്ര, നിരണം, കുറ്റൂർ, ഇരവിപേരൂർ, കുന്നന്താനം, കോട്ടാങ്ങൽ തുടങ്ങിയ പ്രദേശങ്ങളിൽ കന്നുകാലികൾക്ക് കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹര്യത്തിൽ ഇതിനെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. രോഗബാധ കാണപ്പെട്ടാൽ ഉടൻ തന്നെ അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കണം. കുളമ്പുരോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിലേക്ക് പുതിയ കന്നുകാലികളെ കൊണ്ടുവരാതിരിക്കാനും മറ്റുള്ള സ്ഥലങ്ങളിലേക്ക് ഇവിടങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുപോകാതിരിക്കാനും ശ്രദ്ധിക്കണം. അലക്കുകാരം, ബ്ലീച്ചിംഗ് പൗഡർ, പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി എന്നിവ ഉപയോഗിച്ച് തൊഴുത്തും പരിസരപ്രദേശങ്ങളും അണുനശീകരണം നടത്തുന്നത് രോഗവ്യാപനം തടയുമെന്നും അദ്ദേഹം അറിയിച്ചു. (പിഎൻപി 1729/18)

## കോട്പ കേസിൽ 2.29 ലക്ഷം രൂപ പിഴയീടാക്കി

എക്സൈസ് വകുപ്പ് നടത്തിയ പരിശോധനയിൽ ജില്ലയിൽ 1182 കോട്പ കേസുകളിലായി 2.29 ലക്ഷം രൂപ പിഴയീടാക്കിയതായി അസി.എക്സൈസ് കമ്മീഷ്ണർ ജി ചന്ദു വ്യാജമദ്യ നിയന്ത്രണ സമിതി യോഗത്തിൽ അറിയിച്ചു. മെയ് അഞ്ച് മുതൽ ജൂൺ 24 വരെ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായിട്ടായിരുന്നു നടപടി. പത്തനംതിട്ട ടൗണിലെ ഏഴ് പാൻമസാല ഷോപ്പുകൾ അടപ്പിച്ചു. 370.89 ലിറ്റർ അരിഷ്ടാസവങ്ങൾ പിടിച്ചെടുത്തു. 42.6 ലീറ്റർ ചാരായവും 2747 ലിറ്റർ കോടയും കണ്ടെടുത്ത് കേസ് രജിസ്റ്റർ ചെയ്തു. 4361 വാഹനങ്ങൾ പരിശോധിച്ചതിൽ ആറ് വാഹനങ്ങൾ പിടിച്ചെടുത്തു. ജില്ലയിലെത്തുന്ന സംസ്ഥാനാന്തര ചരക്ക് ലോറികൾ, സ്വകാര്യ വാഹനങ്ങൾ എന്നിവയും വിശദമായ പരിശോധനക്ക് വിധേയമാക്കി.

ഈ കാലയളിവിൽ 979 കള്ളുഷാപ്പുകളിൽ പരിശോധന നടത്തി. 120 ലിറ്റർ കള്ളും പിടിച്ചെടുത്തു. സമയക്ലിപ്തത പാലിക്കാത്ത ഷാപ്പ് ലൈസൻസിക്കെതിരെ കേസ് എടുത്തു. ബാറുകളിൽ 61 പരിശോധനകൾ നടത്തി. ബിയർ ആന്റ് വൈൻ പാർലറുകളിൽ 19 പരിശോധനകളും ബിവറേജസ് ഔട്ട് ലറ്റുകളിൽ 29 പരിശോധനകളും നടത്തി. 14 സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്ക് അയച്ചു.

വിദ്യാർഥികളെ ലക്ഷ്യംവെച്ചുള്ള മയക്കു മരുന്ന് വില്പന വ്യാപകമായതിനാൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പരിശോധന ശക്തമാക്കണമെന്ന് സമിതി അംഗങ്ങൾ ആവശ്യപ്പെട്ടു. സ്കൂളുകളിലെ വിമുക്തി ക്ലബ്ബുകൾ കൂടുതൽ സജീവമാക്കണം. വിദ്യാർഥികൾക്കും രക്ഷകർത്താക്കൾക്കും ആവശ്യമായ ബോധവത്കരണ ക്ലാസുകൾ നൽകണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു.

യോഗത്തിൽ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ബി സത്യൻ, കോടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞന്നാമകുഞ്ഞ്, കെ എസ് സുരേഷ് കുമാർ, ഡി ഡി ഇ എം കെ ഗോപി, സോമൻ പാമ്പായിക്കോട്, എം മുഹമ്മദ് സാലി, പി കെ ഗോപി, ജോർജ് യോഹന്നാൻ, ഫാ.ഗീവർഗീസ് ബ്ലാഹേത്, രാജമ്മസദാനന്ദൻ, ഡെപ്യൂ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ രതീഷ് കെ വി തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1730/18)

## ഞാറ്റുവേല ചന്ത

ഞാറ്റുവേല അടിസ്ഥാനമാക്കി നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് കൃഷിവകുപ്പ് നടപ്പാക്കുന്ന ഞാറ്റുവേല ചന്ത നാളെ (രണ്ടിന്) രാവിലെ 11ന് ഇലന്തൂർ സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കും. ഇലന്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സാംസൺ തെക്കേതിൽ ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് വൈസ്പ്രസിഡന്റ് ഷിബി ആനി ജോർജ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി ഓഫീസർ എസ്.അഞ്ജന പദ്ധതി വിശദീകരിക്കും. പച്ചക്കറി, ഫലവൃക്ഷങ്ങൾ, കുരുമുളക്, തെങ്ങ് എന്നിവയുടെ തൈകളും പച്ചക്കറി വിത്തുകളും ചന്തയിൽ ലഭിക്കും. ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിലാണ് ഞാറ്റുവേല ചന്ത സംഘടിപ്പിക്കുന്നത്. (പിഎൻപി 1731/18)

## ലഹരി വിരുദ്ധ സെമിനാർ നടത്തി

ജില്ലാ മെഡിക്കൽ ഓഫീസിന്റെയും വല്ലന സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കിടങ്ങന്നൂർ എസ്.വി.ജി.എച്ച്.എസ്.എസിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും അതുളവാക്കുന്ന പ്രശ്നങ്ങളും എന്ന വിഷയത്തിൽ സെമിനാർ നടത്തി. പ്രിൻസിപ്പൽ സി.ആർ.പ്രീത സെമിനാർ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.സി.എസ്.നന്ദിനി സെമിനാർ നയിച്ചു. ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് കുമാർ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ സോമശേഖരൻ പിള്ള, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് ഓഫീസർമാരായ എ.ആർ.ലക്ഷ്മി, ദീപ്തി, ജയ ജി.പണിക്കർ, അർച്ചന, ജി.ജാസ്മി, സീനിയർ അസിസ്റ്റന്റ് ഷൈജല തുടങ്ങിയവർ സംസാരിച്ചു.

(പിഎൻപി 1732/18)

## ട്രേഡ് ടെസ്റ്റ്

എസ്.സി.വി.റ്റി ജൂലൈ 2018 സപ്ലിമെന്ററി ട്രേഡ് ടെസ്റ്റിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫീസായ 160 രൂപ 0230-L&E-00-800-OR-88-OI എന്ന ശീർഷകത്തിൽ അടച്ച ചെലാനും അപേക്ഷയും അനുബന്ധ രേഖകളും ഈ മാസം ഒൻപതിനകം ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ സമർപ്പിക്കണം. ഫോൺ: 0468 2258710.

(പി എൻപി 1733/18)

## കുടുംബശ്രീ ഇനി നിർമാണമേഖലയിലേക്കും

നിർമാണമേഖലയിൽ ഒരു കൈ നോക്കാൻ കുടുംബശ്രീയും. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായാണ് ആദ്യഘട്ടത്തിൽ കുടുംബശ്രീ നിർമാണ മേഖലയിലേയ്ക്ക് ചുവടുവെക്കുന്നത്. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് പ്രത്യക്ഷത്തിൽ കൈത്താങ്ങ് ആകുന്നതാണ് കുടുംബശ്രീയുടെ പുതിയ പദ്ധതി. തൊഴിൽ വേതനം അനുദിനം വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂലി വാങ്ങാതെയുള്ള കുടുംബശ്രീയുടെ സഹായം നിർദ്ധനരായ ലൈഫ് ഗുണഭോക്താക്കൾക്ക് വലിയൊരു ആശ്വാസമാണ്. സാധാരണയായി നാല് ഗഡുക്കളായാണ് ലൈഫ് മിഷൻ ഫണ്ട് അനുവദിക്കുന്നത്. നിർമാണ സാമഗ്രികളുടെ വില കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്കുള്ള വേതനം ലൈഫ് ഗുണഭോക്താക്കളുടെ വലിയ വെല്ലുവിളിയാണ്. ഇതിന് ഒരു പരിധി വരെ പരിഹാരം കാണാൻ നിർമാണ പ്രവർത്തന സഹായ പദ്ധതിയിലൂടെ കുടുംബശ്രീയ്ക്ക് സാധിക്കും. നിർമാണ പ്രവർത്തനത്തിലെ പരിശീലന പരിപാടിയുടെ ഭാഗമായാണ് ലൈഫ് വീടുകളുടെ നിർമാണം കുടുംബശ്രീ ഏറ്റെടുക്കുന്നത്. വീടുകളുടെ നിർമാണ പ്രവർത്തനങ്ങളിൽ പരിശീലനം നേടിയ കുടുംബശ്രീ അംഗങ്ങളും പങ്കാളികളാകും. ഒരു പഞ്ചായത്തിൽ പത്ത് മുതൽ പതിനഞ്ചു പേരടങ്ങുന്ന സംഘമാണ് പരിശീലനത്തിന്റെ ഭാഗമാകുന്നത്. നാനൂറ് ചതുരശ്ര അടിയിൽ നിർമിക്കുന്ന വീടുകളുടെ നിർമാണത്തിനാണ് കുടുംബശ്രീയെ ഉൾപ്പെടുത്തു

ന്നതിന് ഉദ്ദേശിക്കുന്നത്. വാർഡ് മെമ്പറും സിഡിഎസ് ചെയർപേഴ്സണുമാണ് കുടുംബശ്രീ നിർമാണ പ്രവർത്തകർക്ക് നേതൃത്വം നൽകുന്നത്. സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപന ങ്ങളുടേയും കീഴിലുള്ള നിർമാണ പ്രവർത്തനങ്ങൾക്ക് കൂടി കുടുംബശ്രീയെ പ്രാപ്തമാക്കു ന്നതിനാണ് പദ്ധതി. (പിഎൻപി 1734/18)

## 'ഓടാം ചാടാം ഒളിമ്പിക്സിലേക്ക് ശ്രദ്ധേയമായ കായിക പരിശീലന പരിപാടി – ചിറ്റയം ഗോപകുമാർ എംഎൽഎ

ഏറെ ജനശ്രദ്ധ ആകർഷിച്ചതാണ് ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ ഓടാം ചാടാം ഒളിമ്പിക്സിലേക്ക് എന്ന പരിപാടിയെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. ഓടാം ചാടാം ഒളിമ്പിക്സ് പദ്ധതിയുടെ ഭാഗമായുള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു എംഎൽഎ. ഭാവിയിൽ ഒരു ഒളിമ്പിക്സ് മെഡൽ എന്ന ലക്ഷ്യം കൈ വരിക്കുന്നതിന് പദ്ധതിയിലൂടെ കഴിയട്ടെ എംഎൽഎ ആശംസിച്ചു. മുൻ വർഷം കായിക പ രിശീലനം ലഭിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും എംഎൽഎ നിർവഹിച്ചു.

അഞ്ചിനും മുപ്പത് വയസിനും ഇടയിലുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും കായി ക പരിശീലനം നൽകുന്ന പരിപാടിയാണ് ഓടാം ചാടാം ഒളിമ്പിക്സിലേയ്ക്ക്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരത്തിൽ വേറിട്ടൊരു പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. നൂറു ദിവസമാണ് പരിശീലന പരിപാടി. പ്രധാനപ്പെട്ട അത്‌ലറ്റിക്സ് ഇന ങ്ങളായ ഹോക്കി, ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കായിക ഇനങ്ങളാണ് പരിശീലന പ രിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ നീന്തൽ, ഫെൻസിംഗ്, ആർച്ചറി തുടങ്ങിയ കായിക ഇനങ്ങൾ കൂടി ഈ വർഷത്തെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഏഴംകുളം ഗ്രാമപഞ്ചായത്തിന് അനുവദിച്ച സ്പോർ ട്സ് കിറ്റും ട്രോഫി വിതരണവും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൗദാരാജൻ നിർവഹിച്ചു. ഏഴംകുളം എംസൺ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി ജു രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സരസ്വതി ഗോപി, ഗ്രാമപഞ്ചായ ത്ത് അംഗങ്ങളായ ബി.ലത, രേഖാ ബാബു, തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1735/18)

## വഴിയോര ജ്യൂസ് കടകളിൽ പരിശോധന കർശനമാക്കണം – ജില്ലാ വികസന സമിതി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസോ അനുമതിയോ ഇല്ലാതെ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തി ജില്ലയിലെമ്പാടും പ്രവർത്തിക്കുന്ന വഴിയോര ജ്യൂസ് കടകളിൽ പരിശോധന കർശനമാക്കി നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കണമെന്ന് ജില്ലാ വികസന സമിതി യോഗം ആവശ്യപ്പെട്ടു. വീണാജോർജ് എംഎൽഎയാണ് ഇതുസംബന്ധിച്ച പരാതി വികസനസമിതിയിൽ ഉന്നയിച്ചത്. ഇത്തരം ജ്യൂസുകടകളിൽ നിന്നും പാനീയങ്ങൾ കഴിച്ച പലർക്കും ലഹരിയോട് സാമ്യമുള്ള അനുഭവങ്ങൾ ഉണ്ടായതായി വ്യാപകമായ പരാതികൾ ലഭിക്കുണ്ട്. സ്കൂൾ കുട്ടികളാണ് കൂടുതലായി ഇത്തരം ജ്യൂസുകൾ വാങ്ങുന്നത്. ഇവരിൽ പലർക്കും മദ്യം കഴിച്ചതുപോലെയുള്ള തോന്നലുകൾ ഉണ്ടായതായി പറയപ്പെടുന്നു. വഴിയോരങ്ങളിലെ മിക്ക ജ്യൂസ് കടകളിലും വിൽപ്പനക്കാർ സ്ത്രീകളാണ്. എന്നാൽ ഇതിന്റെ ഉടമസ്ഥർ ഇവരല്ല. ചില ഏജൻസികൾ ജ്യൂസ് തയാറാക്കുന്നതിനുള്ള സാധന സാമഗ്രികൾ എത്തിച്ച് വിൽപ്പനക്കാരായി നിൽക്കുന്ന സ്ത്രീകൾക്ക് ശമ്പളം നൽകിയാണ് ഇത് നടത്തുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇത്തരത്തിലുള്ള ജ്യൂസ് കടകളിൽ പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നുവെങ്കിലും സംശയാസ്പദമായ വസ്തുക്കൾ കണ്ടെത്തിയിട്ടില്ലായെന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു. ജില്ലയിലെ ഒരു ജ്യൂസ് കടയിൽ

നിന്നും ഇതുവരെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടില്ല എന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു. ജില്ലയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന എല്ലാ ജ്യൂസ് കടകളിലും സ്ഥിരമായി പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന് യോഗം നിർദേശം നൽകി.

പത്തനംതിട്ട നഗരസഭയിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ഉള്ളതായി വീണാജോർജ് എംഎൽഎ പറഞ്ഞു. ഠൗണിൽ മഴക്കാലമായതോടെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന രീതിയിൽ മാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. നഗരസഭയ്ക്ക് ശരിയായ മാലിന്യസംസ്കരണ സംവിധാനമില്ലാത്തതാണ് ഇതിന് കാരണം. നഗരസഭയിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ആദിത്യ വേസ്റ്റ് മാനേജ്മെന്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഇവർ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. മാലിന്യസംസ്കരണത്തിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ഉണ്ടാകണമെന്ന് യോഗം സെക്രട്ടറിക്ക് നിർദേശം നൽകി.

എംഎൽഎ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ള പദ്ധതികൾ ആരംഭിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ലെന്നും എംഎൽഎ പറഞ്ഞു.

കൂടലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ ഉണ്ടാകാത്ത വിഷയം അടൂർ പ്രകാശ് എംഎൽഎ യോഗത്തിൽ ഉന്നയിച്ചു. കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്ഥലപരിമിതി മൂലം ഈ പദ്ധതി വള്ളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിരുന്നു. എന്നാൽ ഏറെ നാളായിട്ടും ഇക്കാര്യത്തിലും തീരുമാനമായിട്ടില്ല എന്നും അടൂർ പ്രകാശ് എംഎൽഎ പറഞ്ഞു.

കൂടലിൽ എട്ട് വർഷം മാത്രം പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റി മാത്രമേ പുതിയ കെട്ടിടം പണിയാൻ കഴിയൂ. എന്നാൽ കാലപ്പഴക്കം കുറഞ്ഞ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് സർക്കാർ അനുമതി ലഭിക്കാത്തതിനാലാണ് വള്ളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഈ പദ്ധതി മാറ്റുന്നതിന് നേരത്തേ ശുപാർശ നൽകിയിരുന്നത്. സംസ്ഥാന സർക്കാർ ആർദ്രം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വള്ളിക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാക്കി മാറ്റുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുള്ള അനുമതി ആവശ്യമാണെന്നും ഡിഎംഒ പറഞ്ഞു.

കോന്നി സിവിൽ സർവിസ് അക്കാദമിക്ക് ഭൂമി കൈമാറ്റം ചെയ്യുന്ന വിഷയത്തിൽ അടിയന്തര നടപടി ഉണ്ടാകണമെന്നും നരിയാപുരം സെന്റ് പോൾസ് ഹൈസ്കൂളിലേക്കുള്ള റോഡിന്റെ ഭാഗത്ത് അപകടങ്ങൾ ഉണ്ടാകുന്നതിനാൽ മിറർ സ്ഥാപിക്കണമെന്നും അട്ടച്ചാക്കൽ കുമ്പളാംപൊയ്ക റോഡിന്റെ പണി വേഗത്തിലാക്കണമെന്നും വകയാർ- വള്ളിക്കോട്- കൈപ്പട്ടൂർ റോഡിന്റെ പണികൾക്ക് സാങ്കേതികാനുമതി ഉടൻ നൽകണമെന്നും അടൂർ പ്രകാശ് എംഎൽഎ ആവശ്യപ്പെട്ടു.

മല്ലപ്പള്ളി താലൂക്കിലെ കുന്നുകൾ ഇടിച്ചുനിരത്തി മണ്ണ് നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പ് ഫെബ്രുവരി മാസത്തിന് ശേഷം നിയമം പാലിക്കാതെ നൽകിയിട്ടുള്ള പാസുകൾ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന ജില്ലാ വികസന സമിതിയുടെ മുൻതീരുമാന പ്രകാരമുള്ള തുടർ നടപടികൾ ഉണ്ടായിട്ടില്ലെന്ന് ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രതിനിധി അലക്സ് കണ്ണമല പറഞ്ഞു. പുതിയ ജിയോളജിസ്റ്റ് വന്നതിന് ശേഷം നൽകിയിട്ടുള്ള പെർമിറ്റുകളിൽ തണ്ണീർതടങ്ങളിൽ മണ്ണ് നിക്ഷേപിക്കാൻ പാടില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയോ മണ്ണ് നീക്കം ചെയ്യുന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ

രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് വ്യാപകമായ ക്രമക്കേടുകൾക്ക് കാരണമാകുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര അന്വേഷണം ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ജിയോളജി വകുപ്പ് മേധാവിയുടെ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റിൽ മാറ്റങ്ങൾ വരുത്തിയതെന്ന് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

ജില്ലയിൽ വിൽക്കുന്ന മത്സ്യത്തിൽ വ്യാപകമായി മായം കലർന്നിട്ടുള്ളതായി പരാതികൾ ഉണ്ടെന്ന് ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ പറഞ്ഞു. സ്ഥിരമായി പരിശോധനകൾ ഇല്ലാത്തത് നിയമലംഘകർക്ക് സഹായമാകുന്നു. ജനങ്ങളുടെ ആരോഗ്യത്തെ ഏറെ ദോഷകരമായി ബാധിക്കുന്ന ഇത്തരം കാര്യങ്ങളിൽ ഉദ്യോഗസ്ഥർ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കളക്ടറേറ്റിനും ജില്ലാ പഞ്ചായത്തിനുമിടയിൽ അപകടകരമായി നിൽക്കുന്ന വാകമരം മുറിച്ചുമാറ്റുന്നതിന് അടിയന്തര നടപടികൾ ഉണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മത്സ്യത്തിൽ ഫോർമാലിന്റെ അംശം പരിശോധിക്കുന്നതിന് ഇപ്പോൾ സാമ്പിളെടുത്ത് തിരുവനന്തപുരം ലാബിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിധ്യം പരിശോധിക്കുന്നതിനുള്ള പ്രത്യേക സ്ട്രിപ്പ് അടുത്താഴ്ച ലഭ്യമാകുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്ന് ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു. ജില്ലയിൽ വിവിധ ഏജൻസികൾ വിതരണം ചെയ്ത 2000 പായ്ക്കറ്റ് ചപ്പാത്തികൾ സുരക്ഷിതമല്ലെന്ന് കണ്ടതിനെ തുടർന്ന് അടിയന്തരമായി തിരിച്ചെടുക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിർദേശം നൽകി അതിന്റെ വിൽപ്പന തടഞ്ഞിരുന്നതായും ഭക്ഷ്യസുരക്ഷാ വിഭാഗം അറിയിച്ചു.

തിരുവല്ല നഗരസഭയിലെ തെരുവുവിളക്കുകളുടെ ടൈമർ പ്രവർത്തനരഹിതമായതു മൂലം വെളിച്ചം ലഭിക്കാത്തത് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും വൈദ്യുതി വകുപ്പ് ടൈമറുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും തിരുവല്ല നഗരസഭ ചെയർമാൻ കെ.വി.വർഗീസ് ആവശ്യപ്പെട്ടു. പത്തനംതിട്ട നഗരത്തിലുൾപ്പെടെ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ പ്രകാശിക്കാത്ത സാഹചര്യമുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളും കെഎസ്ഇബിയും പരസ്പരം പഴിചാരി ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയരുതെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. ജനങ്ങളുടെ സുരക്ഷിതത്വത്തിന് ഏറ്റവും അത്യാവശ്യമായ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി അവ പ്രവർത്തന സജ്ജമാക്കുന്നതിന് കെഎസ്ഇബിയും തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കളക്ടർ കർശന നിർദേശം നൽകി.

തിരുവല്ലയിലെ മുല്ലേലി തോടിന്റെ ഉപരിതലത്തിലെ പോളയും ജലസസ്യങ്ങളും നീക്കുന്ന പ്രവർത്തി പൂർത്തിയായതായും തോടിന്റെ ആഴം കൂട്ടുന്ന പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുമെന്നും മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. ജില്ലയിലെ നെല്ലിന്റെ സംഭരണം പൂർത്തിയായതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. എലിമുള്ളും പ്ലായ്ക്കൽ ഗവൺമെന്റ് എച്ച്എസ്എസിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കിണർ കുഴിക്കുന്നതിന് വനഭൂമി ലഭിക്കുന്നതിനുള്ള ശുപാർശ ഓൺലൈനായി നൽകിയതായി കോന്നി ഡിഎഫ്ഒ അറിയിച്ചു. കോന്നി ഫയർ സ്റ്റേഷന്റെ നിർമാണത്തിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയാറാക്കുന്നതിനുള്ള സ്ഥലപരിശോധന പൂർത്തിയായതായി പൊതുമരാമത്ത് കെട്ടിടവിഭാഗം അറിയിച്ചു. ഓട്ടോഫീസ് കടവ് പാലത്തിന്റെ സമീപ പാതയുടെ പണികൾ പുരോഗമിക്കുന്നതായും കാവനാൽ കടവ് പാലത്തിന്റെ ശേഷിക്കുന്ന പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് സാങ്കേതിക അനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതായും പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. ഞള്ളൂർ–തണ്ണിത്തോട് റോഡിന്റെ പ്രവൃത്തികൾ മൺസൂൺ തീരുന്ന മുറയ്ക്ക്

പൂർത്തീകരിക്കും. പുറമറ്റം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പൊളിഞ്ഞുവീഴാറായ കെട്ടിടം പൊളിച്ചുമാറ്റിയതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പുതിയ കെട്ടിടത്തിനുള്ള എസ്റ്റിമേറ്റും തയാറാക്കിയിട്ടുണ്ട്.

യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദരലാൽ, തദ്ദേശഭരണ ഭാരവാഹികൾ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1736/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) ഡിടിപിസിയുടെ തിരുവല്ലയിലെ സത്രത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ നിർമാണോദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് നിർവഹിക്കുന്നു.

2) ഡിടിപിസിയുടെ തിരുവല്ലയിലെ സത്രത്തിന്റെ സൗന്ദര്യവൽക്കരണത്തിന്റെ നിർമാണോദ്ഘാടനം നിർവഹിച്ച് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് സംസാരിക്കുന്നു.

3) ഏഴംകുളം ഗ്രാമപഞ്ചായത്തിൽ നടന്ന ഓടാം ചാടാം ഓളിമ്പിക്സിലേക്ക് പരിശീലന പരിപാടി ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **ജൂൺ 30**<br>**JUNE 30** | **2018** |

***1193 മിഥുനം 16 ശനി***

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ബോധവത്ക്കരണ സെമിനാർ നടത്തി**

ജില്ലാ മെഡിക്കൽ ഓഫിസിന്റെ ആഭിമുഖ്യത്തിൽ കോന്നിതാഴത്ത് ജലജന്യ രോഗങ്ങളെ കുറിച്ച് ബോധവത്ക്കരണ സെമിനാറും ഡോക്യുമെന്ററി പ്രദർശനവും നടത്തി. ജലനിധി പ്രസിഡന്റ് എം.എം.ഹരികുമാർ ഉദ്ഘാടനം ചെയ്തു. ടെക്നിക്കൽ അസിസ്റ്റന്റ് എം.ആർ.അനിൽകുമാർ, ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർമാരായ ടി.കെ.അശോക് കുമാർ, എ.സുനിൽ കുമാർ, ജലനിധി സെക്രട്ടറി ഇ.പി.അയ്യപ്പൻനായർ, രക്ഷാധികാരി എം.എസ്.ഗോപിനാഥൻ, ഹെൽത്ത് സൂപ്പർവൈസർ സി.വി.സാജൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1737/18)

**പനി: 492 പേർ ചികിത്സ തേടി**

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (30) 492 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. നാല് പേർക്ക് ഡങ്കിപ്പനിയും ഒരാൾക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. വയറിളക്കരോഗ ങ്ങൾക്ക് 65 പേർ ചികിത്സ തേടി. കാഞ്ഞീറ്റുകര, എഴുമറ്റൂർ, വല്ലന, ഏഴംകുളം എന്നിവിട ങ്ങളിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. ഓമല്ലൂരിലാണ് എലിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1738/18)

**കുടുംബശ്രീ വാർഷിക സംഗമം**

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ വാർഷിക സംഗമം വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ അടൂർ പ്രകാശ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മുൻ എംപിയും കുടുംബശ്രീ ഗവേണിംഗ്ബോഡി അംഗവുമായ സി.എസ്.സുജാത മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മാച്ചിംഗ് ഗ്രാന്റ് വിതരണം ചെയ്തു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ എലിസബത്ത് അബു, ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് റോസമ്മ ബാബുജി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മണിലാൽ, അംഗങ്ങളായ ജയശ്രീ സുരേഷ്, നിർമല സാം, വി.ഷൈജു, അമ്പിളി ജി.നായർ, പ്രസന്ന രാജൻ, എം.പി.ജോസ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1739/18)

## ലോക് അദാലത്ത് 14ന്

ജില്ലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരാതികൾ, കോടതികളിൽ നിലവിലുള്ള കോംപൗണ്ട് ചെയ്യാവുന്ന പരാതികൾ, പ്രീലിറ്റിഗേഷൻ കേസുകൾ, ബാങ്ക് വായ്പാ കുടിശികയുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ തീർപ്പാക്കുന്നതിന് ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള ലോക് അദാലത്ത് ഈ മാസം 14ന് പത്തനംതിട്ട, അടൂർ, റാന്നി, തിരുവല്ല എന്നിവിടങ്ങളിൽ നടക്കും.അപേക്ഷകൾ ഈ മാസം അഞ്ച് വരെ പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിലുള്ള ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ ഓഫീസിലോ ബന്ധപ്പെട്ട വകുപ്പുകളിലോ ബാങ്കുകളിലോ നൽകാമെന്ന് ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി സബ്ജഡ്ജ് ആർ.ജയകൃഷ്ണൻ അറിയിച്ചു.

(പിഎൻപി 1740/18)

## റേഷൻ സാധനങ്ങൾ നാല് വരെ കൈപ്പറ്റാം

കോഴഞ്ചേരി താലൂക്കിൽ ജൂൺ മാസത്തെ റേഷൻ സാധനങ്ങൾ ഈ മാസം നാല് വരെ ഇ-പോസ് വഴി കൈപ്പറ്റാമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. ബയോമെട്രിക് സംവിധാനം വഴി റേഷൻ കാർഡുമായി ആധാർ ബന്ധിപ്പിച്ചിട്ടില്ലാത്ത എല്ലാ കാർഡുടമകളും അംഗങ്ങളും ആധാറുമായി റേഷൻ കടയിലെത്തി ഇ-പോസ് മെഷിൻ വഴി ജൂലൈ 15ന് മുമ്പ് ആധാർ ബന്ധിപ്പിക്കണമെന്നും താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

(പി എൻപി 1741/18)

## മെസ് അലവൻസ്

എസ്.എസ്.എയുടെ നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന അവധിക്കാല അധ്യാപക പരിശീലനത്തിൽ മറ്റ് ജില്ലകളിൽ പങ്കെടുത്ത അധ്യാപകർക്ക് പത്തനംതിട്ട ജില്ലയിൽ നിന്നും മെസ് അലവൻസ് അനുവദിച്ചുനൽകും. മറ്റ് ജില്ലകളിൽ പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകർ ഡ്യൂട്ടി സർട്ടിഫിക്കറ്റ്, പങ്കെടുത്ത ജില്ലയിൽ മെസ് അലവൻസ് കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ബന്ധപ്പെട്ട ബിആർസികളിലെ ബിപിഒമാർക്ക് നൽകി ജൂലൈ അഞ്ചിനകം അലവൻസ് കൈപ്പറ്റണമെന്ന് എസ്എസ്എ ജില്ലാ പ്രൊജക്ട് ഓഫീസർ അറിയിച്ചു. (പിഎൻപി 1742/18)

## റേഷൻ കാർഡ് അപേക്ഷ

അടൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ റേഷൻ കാർഡുമായി ബന്ധപ്പെട്ട രണ്ടാം ഘട്ട അപേക്ഷകൾ ഈ മാസം മൂന്നു മുതൽ സ്വീകരിക്കും. മൂന്നിന് അടൂർ, പന്തളം മുനിസിപ്പാലിറ്റികളിലേതും നാലിന് പള്ളിക്കൽ, തുമ്പമൺ പഞ്ചായത്തുകളിലേതും അഞ്ചിന് കൊടുമൺ, പന്തളം തെക്കേക്കര പഞ്ചായത്തുകളിലേതും ആറിന് ഏഴംകുളം, ഏനാദിമംഗലം പഞ്ചായത്തുകളിലേതും ഏഴിന്

ഏറത്ത്, കടമ്പനാട് പഞ്ചായത്തുകളിലെ അപേക്ഷകളും അടൂർ താലൂക്ക് സപ്ലൈ ഓഫീസിൽ സ്വീകരിക്കും. (പിഎൻപി 1743/18)

## കന്നുകാലികളുടെ കടത്തും കാലിച്ചന്തയും 14 വരെ തടഞ്ഞു

തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിൽ കന്നുകാലികളിൽ കുളമ്പുരോഗം പടരുന്ന സാഹചര്യത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവല്ല, മല്ലപ്പള്ളി താലൂക്കുകളിൽ കന്നുകാലികളുടെ കടത്തും കാലിച്ചന്തയും ജൂൺ 30 മുതൽ ജൂലൈ 14 വരെ താത്ക്കാലികമായി തടഞ്ഞുകൊണ്ട് ജില്ലാ കളക്ടർ ഉത്തരവായി. ക്രിമിനൽ നടപടി നിയമം 133(1) ബി പ്രകാരമാണ് താത്ക്കാലിക നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. (പിഎൻപി 1744/18)

## അധ്യാപക ഒഴിവ്

കൈപ്പട്ടൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എൽ.പി സ്കൂൾ അസിസ്റ്റന്റിന്റെ താത്ക്കാലിക ഒഴിവിലേക്ക് ഈ മാസം മൂന്നിന് രാവിലെ 10ന് ഇന്റർവ്യൂ നടത്തും. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണമെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു. (പിഎൻപി 1745/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലാ മെഡിക്കൽ ഓഫിസിന്റെ ആഭിമുഖ്യത്തിൽ കോന്നിതാഴത്ത് ജലജന്യ രോഗങ്ങളെ കുറിച്ച് നടത്തിയ ബോധവത്ക്കരണ സെമിനാർ ജലനിധി പ്രസിഡന്റ് എം.എം.ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു.
2) വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ വാർഷിക സംഗമം വള്ളിക്കോട് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ അടൂർ പ്രകാശ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്